**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : ഡോ. സുമി ചെറിയാൻ കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ 2 ലാബ് ടെക്നീഷ്യൻമാർക്ക് ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റം നൽകിയും ഒരു ലാബ് അസിസ്റ്റന്റിന് ലാബ് ടെക്നീഷ്യനായി ബൈ-ട്രാൻസ്ഫർ സ്ഥാനക്കയറ്റം നൽകി 31,100-66,800 രൂപാ ശമ്പള സ്കെയിലിൽ കൊല്ലം ജില്ലയിലെ ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/274/2025-E1 തിരുവനന്തപുരം, തീയതി : 25-06-2025

---

പരാമർശം:-

1. ജി.ഒ. (പി) നം. 116/75/അഗ്രി (ഡെയറി 1), തീയതി : 27.03.1975.
2. ജി.ഒ. (പി) നം. 258/2011/എ.ഡി., തീയതി : 25.11.2011 (S.R.O. 761/2011).
3. ലാബ് അസിസ്റ്റന്റുമാരുടെ 01.01.2025 ലെ സീനിയോറിറ്റി ലിസ്റ്റ്.
4. ഈ കാര്യാലയത്തിൽ നിന്നുള്ള 16.05.2025 ലെ മേൽനമ്പർ ഉത്തരവ്.
5. സ.ഉ (അച്ചടി) നം. 8/2025/ഡി.ഡി., തീയതി : 15.04.2025.
6. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21.04.2025 ലെ DDDKER/2472/2023-E1 നമ്പർ ഉത്തരവ്.
7. ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 30.05.2025 ലെ DDALP/401/2025-A നമ്പർ കത്ത്.
8. ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ, കൊല്ലം - പ്രിൻസിപ്പാളിന്റെ 04.06.2025 ലെ DTCKLM/219/2025-C-B നമ്പർ കത്ത്.

## ഉത്തരവ്

വകുപ്പിന്റെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യനായിരുന്ന ശ്രീ. ഷൗക്കത്ത് അലി (PEN. 353543) 31.05.2025 അപരാഹ്നം സേവനത്തിൽ നിന്നും വിരമിച്ചിരുന്നു. ടി വകയിൽ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒരു ഒഴിവ് വന്നിട്ടുണ്ട്. ടി സാഹചര്യത്തിൽ വകുപ്പിലെ 2 ലാബ് ടെക്നീഷ്യൻമാർക്ക് മേൽപരാമർശം 7 , 8 പ്രകാരമുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇനിപ്പറയും വിധം ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ലാബ് ടെക്നീഷ്യനായി സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരന്റെ പേര്, (PEN.) | ലാബ് ടെക്നീഷ്യനായി നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം, ജില്ല | ലാബ് ടെക്നീഷ്യനായി സ്ഥലംമാറ്റം ലഭിക്കുന്ന കാര്യാലയം, ജില്ല |
|---|---|---|---|
| 1 | ശ്രീ. രാധാകൃഷ്ണൻ എം.ബി., (367345) | ഗുണനിയന്ത്രണ കാര്യാലയം, ആലപ്പുഴ | ക്ഷീരപരിശീലന കേന്ദ്രം, ആലത്തൂർ, പാലക്കാട്. |
| 2 | ശ്രീ. മുരളീധരൻ പി., (357926) | ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ, കൊല്ലം | ഗുണനിയന്ത്രണ കാര്യാലയം, ആലപ്പുഴ |

മേൽപ്പറഞ്ഞിരിക്കുന്ന പ്രകാരം സ്ഥലംമാറ്റം നടക്കുന്നമുറയ്ക്ക് കൊല്ലം ജില്ലയിലെ ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവ് വരുന്നുണ്ട്. ടി ഒഴിവിലേക്ക് മേൽസൂചന (1) മുതൽ (5) വരെ ഉത്തരവുകൾക്ക് വിധേയമായി താഴെപ്പറയും പ്രകാരം വകുപ്പിലെ ഒരു ലാബ് അസിസ്റ്റന്റിന് ലാബ് ടെക്നീഷ്യനായി ബൈ-ട്രാൻസ്ഫർ സ്ഥാനക്കയറ്റം നൽകി 31,100-66,800 രൂപാ ശമ്പള സ്കെയിലിൽ കൊല്ലം ജില്ലയിലെ ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ലാബ് ടെക്നീഷ്യനായി സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരന്റെ പേര്, (PEN.) | ലാബ് അസിസ്റ്റന്റായി നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം, ജില്ല | ലാബ് ടെക്നീഷ്യനായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം, ജില്ല |
|---|---|---|---|
| 1 | ശ്രീ. മാഹിം എം. (353402) | ഗുണനിയന്ത്രണ കാര്യാലയം, തിരുവനന്തപുരം. | ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ, കൊല്ലം |

മേൽപ്പറഞ്ഞിരിക്കുന്ന പ്രകാരം സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ ലഭിച്ച ജീവനക്കാരെ എത്രയും വേഗം നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിച്ച വിവരവും ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ/പ്രിൻസിപ്പാൾമാർ അടിയന്തരമായി ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൂടാതെ, മേൽപരാമർശം (6) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്ന ഉത്തരവ് പ്രകാരം 2 ലാബ് ടെക്നീഷ്യൻമാർക്ക് നൽകിയിരുന്ന സ്പെഷ്യൽ ഡ്യൂട്ടി അവസാനിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Sumi Cherian
Date: 25-06-2025 14:42:02
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.
(PEN. 636653)

To :- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (തിരുവനന്തപുരം, ആലപ്പുഴ).

2) പ്രിൻസിപ്പാൾ , ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, കൊല്ലം.

3) പ്രിൻസിപ്പാൾ, ക്ഷീരപരിശീലന കേന്ദ്രം, ആലത്തൂർ, പാലക്കാട്.

4) ഗുണനിയന്ത്രണ ഓഫീസർമാർ (തിരുവനന്തപുരം, ആലപ്പുഴ) (ഡി.ഡി. മുഖേന).

5) ഡയറക്ടറുടെ മേശപ്പുറത്ത്.

6) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

7) ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ളാനിംഗ്)

8) ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഡെയറി ലാബ്, തിരുവനന്തപുരം.

9) ഈ കാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും.

10) എല്ലാ മറ്റ് ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

11) എല്ലാ മറ്റ് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും.

12) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

13) ഈ കാര്യാലയത്തിലെ എല്ലാ സൂപ്രണ്ടുമാർക്കും.

14) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC & IT Cell, ഡയറക്ടറേറ്റ് (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

16) ഈ കാര്യാലയത്തിലെ എല്ലാ സീറ്റുകൾക്കും.

17) നോട്ടീസ് ബോർഡ്.